**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1008** **10-06-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസ് റെൻഡൽ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി) | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിനടുത്ത് രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസിക്കുന്നതിനായി ആശ്വാസ് റെൻഡൽ സ്കീം ആരംഭിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രവർത്തികമാക്കുവാൻ സാധിച്ചിട്ടുണ്ടോ; | (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിനടുത്ത് രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും വാടകയ്ക്ക് താമസിക്കുന്നതിന് ആശ്വാസ് റെൻഡൽ സ്കീം ആരംഭിക്കുന്നതിനായി 2020-21 സാമ്പത്തികവർഷം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 4 കോടി രൂപയുടെ ഭരണാനുമതി നല്കുകയും ആദ്യഗഡുവായി 1 കോടി രൂപ റിലീസ് ചെയ്ത് നല്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിരുന്നത്; | (ബി) | 2020-21 സാമ്പത്തികവർഷത്തെ ബജറ്റിൽ പ്രസ്തുത പദ്ധതിയ്ക്ക് 4 കോടി രൂപ വകയിരുത്തിയിരുന്നു. |
| (സി) | ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകൾക്കു സമീപവും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകൾക്ക് സമീപവും ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിന് സമീപത്തും തൃശ്ശൂർ മെഡിക്കൽ കോളേജിന് സമീപത്തും പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2021-22 വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത് അനുസരിച്ച് കണ്ണൂർ മെഡിക്കൽ കോളേജിനടുത്ത് പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുകയാണ്. ബാക്കിയുള്ള മെഡിക്കൽ കോളേജുകൾക്കടുത്ത് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ